പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 131. 18-03-2013 -ൽ മറുപടിക്ക്.

## വ്യാജവാറ്റ് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിന്റെ തീര പ്രദേശങ്ങളിൽ വ്യാജവാറ്റ് വർദ്ധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് വ്യാജവാറ്റ് സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വ്യാജവാറ്റ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | രാത്രികാല പരിശോധനകളും, പട്രോളിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് ഇന്റലിജൻസ് വിംഗിന്റെ സേവനം പ്രയോജനപ്പെടുത്തി, സംശയാസ്പദമായ കേന്ദ്രങ്ങളിലും, പ്രദേശങ്ങളിലും രഹസ്യാന്വേഷണങ്ങളും, പ്രത്യേക നിരീക്ഷണങ്ങളും നടത്തി വ്യാജവാറ്റ് നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ